8599
18/9/20

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പാലക്കാട് ഡിവിഷൻ - വാളയാർ റെയിഞ്ച് - കൊട്ടേക്കാട് സെക്ഷനിലെ മാന്തുരുത്തി ഭാഗത്ത് നടന്ന അനധികൃത നിക്ഷിപ്ത വനഭൂമി കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും - അച്ചടക്ക നടപടി - ശ്രീ.കെ.എം.ശ്രീകുമാർ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.169/2020/വനം തീയതി, തിരുവനന്തപുരം, 03/08/2020

---

പരാമർശം:- (1) 21.02.2012-ലെ 9525/എ1/2011/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും.

(2) 20.10.2014-ലെ സ.ഉ. (സാധാ.) നം. 485/14/വനം ഉത്തരവ്.

(3) 14.08.2018-ലെ സ.ഉ. (സാധാ.) നം. 383/2018/വനം ഉത്തരവ്.

(4) 28.09.2018 തീയതിയായി ശ്രീ.കെ.എം.ശ്രീകുമാർ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പുനപരിശോധനാ ഹർജി.

(5) 7.11.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-15971/06 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിൽപ്പെട്ട മാന്തുരുത്തി എന്ന സ്ഥലത്ത് വനഭൂമി കൈയ്യേറി സിമന്റ് ഫാക്ടറിക്ക് വേണ്ട കെട്ടിട നിർമ്മാണവും മറ്റ് ജോലികളും 2001 ഡിസംബർ മുതൽ 2005 ഫെബ്രുവരി മാസം വരെ നടന്നിരുന്നിട്ടും പ്രസ്തുത സ്ഥലം നിക്ഷിപ്ത വനമാണെന്ന് ബോദ്ധ്യമായിരുന്നിട്ടും ആയത് യഥാസമയം കണ്ടെത്തി തടയുന്നതിലും 01.06.2005-ൽ ഫ്ലൈയിംഗ് സ്ക്വാഡ് മഹസ്സർ തയ്യാറാക്കുന്നതുവരെ കേസെടുക്കുന്നതിനോ കയ്യേറ്റം ഒഴിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കാത്തതിനും വീഴ്ച വരുത്തിയ അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.എം.ശ്രീകുമാറിന് പരാമർശം (1) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) തുടർന്ന് പരാമർശം (2) പ്രകാരം നടത്തിയ ഔപചാരിക അന്വേഷണത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടും സ്കെച്ചും അനുസരിച്ച് കയ്യേറ്റത്തിനെതിരെ കേസെടുത്ത് മഹസ്സർ തയ്യാറാക്കുന്നതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കണ്ടെത്തി. എന്നാൽ പ്രസ്തുത വിവരം ടിയാൻ മേലുദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യുതും. ബോധപൂർവ്വമായ വീഴ്ച

സംഭവിച്ചിട്ടില്ലായെന്നതും കണക്കിലെടുത്ത് പരാമർശം (3) പ്രകാരം "സെൻഷർ" നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായി.

3) ശ്രീ.കെ.എം.ശ്രീകമാർ മേൽ ഉത്തരവിനെതിരെ പരാമർശം (4) പ്രകാരം സമർപ്പിച്ച പുനപരിശോധനാ ഹർജിയിൻ താഴെപ്പറയുന്ന വാദങ്ങൾ ഉന്നയിക്കുകയുണ്ടായി.

"02.02.2005-ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ നൽകി എന്ന് പറയുന്ന റിപ്പോർട്ടും സ്കെച്ചും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ടി സ്കെച്ചും റിപ്പോർട്ടും അന്വേഷണ വിചാരണ വേളയിൽ തനിക്കെതിരെ തെളിവായി ബോധ്യപ്പെടുത്തി മാർക്ക് ചെയ്തില്ല. ആകയാൽ ഇത്തരത്തിൽ ഒരു സ്കെച്ചും റിപ്പോർട്ടും നിലവിലില്ല എന്ന് അനുമാനിക്കുന്നു. അപ്പപ്പോൾ കാണുന്ന കുറ്റകൃത്യങ്ങൾക്ക് നടപടി സ്വീകരിക്കേണ്ടത് ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെയും സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെയും ചുമതലയാണ്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മഹസ്സർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയില്ല എന്നത് കേരള ഫോറസ്റ്റ് കോഡ് പ്രകാരം നിലനിൽക്കുന്നതല്ല."

4) പ്രസ്തുത ഹർജിയിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും സർക്കാർ വിശദമായി പരിശോധിച്ചു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 02.02.2005-ൽ സമർപ്പിച്ച റിപ്പോർട്ട്, അന്വേഷണ റിപ്പോർട്ടിൽ Ext. P3 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംഭവ സ്ഥലം നേരിട്ട് പരിശോധിച്ച് തുടർ നിർദ്ദേശങ്ങൾ തരണമെന്നും, മലവാരത്തിന്റെ മറ്റ് ഭാഗങ്ങൾ കൂടി സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയിക്കണമെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിൽ അഭ്യർത്ഥിച്ചിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയോ കേസെടുക്കുകയോ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ചെയ്തിട്ടില്ല. അതിനാൽ പുനഃപരിശോധനാ ഹർജിയിലെ വാദങ്ങൾ നിലനിൽക്കുന്നവയല്ല. മാത്രവുമല്ല, 09.12.2002 മുതൽ 18.02.2005 വരെ വാളയാർ റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.കെ.എം. ശ്രീകമാർ പ്രസ്തുത വനഭൂമിയിൽ 2001 മുതൽ 2005 വരെ തുടർന്ന് വന്ന കയ്യേറ്റവും, നിർമ്മാണ പ്രവർത്തികളും കണ്ടെത്തി തടയുന്നതിനും കേസെടുക്കുന്നതിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് ഔപചാരികാന്വേഷണത്തിൽ വ്യക്തമായിരുന്നു.

5) 2005 ഫെബ്രുവരി മാസത്തിൽ വനാതിർത്തി പുനർനിർണ്ണയം ചെയ്തപ്പോഴാണ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം നിക്ഷിപ്ത വനമാണെന്ന് കണ്ടെത്തിയത് എന്നതും, ടി കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ച് 16 ദിവസം കഴിഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സ്ഥലം മാറി പോയതും ഈ വിഷയത്തിൽ സർക്കാർ നഷ്ടം സംഭവിച്ചില്ല എന്നതും കണക്കിലെടുത്താണ് ഒരു ഉദാര സമീപനം കൈക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി പരാമർ ശം ( 4 ) പ്രകാരം "സെൻഷർ" നൽകി തീർപ്പാക്കിയത്. അതിനാൽ ശിക്ഷ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

6) ഈ സാഹചര്യത്തിൽ ശ്രീ.കെ.എം.ശ്രീകമാർ, റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം സമർപ്പിച്ച പുനപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എം.ശ്രീകുമാർ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by ANJALI DEVI A G
Date: 2020.08.05 12:48:53 IST
Reason: Approved

സെക്ഷൻ ഓഫീസർ